**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 241** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. ഉബൈദുള്ള

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ എത്രയാണെന്നും അതിൽ എത്രയെണ്ണം ഒഴിവുണ്ടെന്നും താലൂക്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മഞ്ചേരി മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ വിഭാഗത്തിൽ വിവിധ വകുപ്പുകളിലായി 65 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികൾ നിലവിലുണ്ട്. അതിൽ 7 തസ്തികളിൽ ഒഴിവുണ്ട് പ്രീക്ലിനിക് വിഭാഗത്തിൽ വിവിധ വകുപ്പുകളിലായി 60 തസ്തികകൾ നിലവിലുണ്ട്. അതിൽ 3 തസ്തികകളിൽ ഒഴിവുണ്ട്.

ആരോഗ്യവകുപ്പിന് കീഴിൽ 2 സീനിയർ കൺസൾട്ടന്റ്, 72 കൺസൾട്ടന്റ്, 135 ജൂനിയർ കൺസൾട്ടന്റ് അടക്കം 209 സ്പെഷ്യാലിറ്റി ഡോക്ടർ തസ്തികകൾ നിലവിലുണ്ട്. അതിൽ സീനിയർ കൺസൾട്ടന്റ് -2, കൺസൾട്ടന്റ് -11, ജൂനിയർ കൺസൾട്ടന്റ് -4 എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. താലൂക്ക് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(ബി)** ജില്ലയിലെ വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തത് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മിഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. **കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചു വരുന്നുണ്ട്.** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് മാത്രം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ 15 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആർദ്രം മിഷൻ നടപ്പിലാക്കിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ടാണ് ആരോഗ്യവകുപ്പിന് കീഴിൽ തസ്തികകൾ സൃഷ്ടിക്കുന്നത്. ആർദ്രം മാനദണ്ഡ പ്രകാരം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ താലൂക്ക് മുതൽ മുകളിലേയ്ക്കുള്ള സ്ഥാപനങ്ങളിലാണ് നിഷ്കർഷിച്ചിരിക്കുന്നത്. മലപ്പുറം ജില്ലയിൽ 209 സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിലായി (2016-21) ആരോഗ്യ മേഖലയിൽ മൊത്തമായി 526 തസ്തികകൾ ജില്ലയിൽ സൃഷ്ടിച്ചിട്ടുണ്ട്. സ്ഥിരം തസ്തികകൾക്ക് പുറമേ **ദേശീയ**

**ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ എച്ച്.ഡി.സി / എച്ച്.ഡി.എസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KASP, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക്ക് വ്യവസ്ഥ തുടങ്ങിയവ മുഖേനയും ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്.**

**(സി)** ഏറ്റവും ഒടുവിൽ സൂപ്പർ സ്പെഷ്യലിസ്റ്റ്, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചപ്പോൾ മലപ്പുറം ജില്ലയിൽ നാല് തസ്തികകൾ മാത്രമാണ് അനുവദിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്രയും കുറഞ്ഞ എണ്ണം തസ്തികകൾ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

**മറുപടി:** ആർദ്രം മാനദണ്ഡ പ്രകാരം ആരോഗ്യവകുപ്പിന് കീഴിലുള്ള ജില്ല/ജനറൽ/ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സേവനങ്ങൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ള തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിച്ചു വരുന്നു. ആയതിനായി ഗ്യാപ് അനാലിസിസ് നടത്തി അടിയന്തരമായി സൃഷ്ടിക്കേണ്ടുന്ന തസ്തികകൾ ഏതെന്ന് കണ്ടെത്തുകയും ഉണ്ടായി. അപ്രകാരം 23.12.2025 ലെ സ.ഉ(കൈ) നം. 436/2025/ ആ.കു.വ പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചതിൽ മലപ്പുറം ജില്ലയ്ക്ക് 4 സ്പെഷ്യാലിറ്റി ഡോക്ടർമാരെ അനുവദിക്കുകയുണ്ടായി.

**(ഡി)** ജനസംഖ്യാടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ മെഡിക്കൽ കോളേജ്/ജില്ലാ/താലൂക്ക് ആശുപത്രികളിൽ കൂടുതൽ കാർഡിയോളജി, ന്യൂറോളജി, ഓങ്കോളജി, നെഫ്രോളജി പോലെയുള്ള സ്പെഷ്യലിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി: സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മിഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചു വരുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ കാർഡിയോളജി, CTVS, ന്യൂറോളജി, യൂറോളജി, നെഫ്രോളജി പോലെയുള്ള സ്പെഷ്യലിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.**

**ആർദ്രം മിഷൻ പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ജില്ലാതല ആശുപത്രികളിൽ നടപ്പിലാക്കുന്നതിനായാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. മലപ്പുറം ജില്ലയിൽ നിന്ന് തിരൂർ ജില്ലാ ആശുപത്രിയെയാണ് ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത്. തിരൂർ ജില്ലാ ആശുപത്രിയിൽ കൺസൾട്ടന്റ് ന്യൂറോളജി, കൺസൾട്ടന്റ് നെഫ്രോളജി, ജൂനിയർ കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ എന്നീ തസ്തികകളും ജില്ലാ ആശുപത്രി നിലമ്പൂരിൽ കൺസൾട്ടന്റ് ജനറൽ സർജറി തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.**

**(ഇ)** ജില്ലയിലെ പ്രധാന ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി നിലവാരത്തിലേക്ക് ഉയർത്തുന്നതിനും മതിയായ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിനും നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** ഉത്തരം (ഡി) പിരിവിൽ ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**